## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1578** — **14-07-2016-ൽ മറുപടിയ്ക്ക്**

### 2015-16 സാമ്പത്തിക വർഷത്തെ നികുതി വരുമാനവും നികുതി കുടിശ്ശികയും

| | ചോദ്യം<br><br>ശ്രീ. മുല്ലക്കര രത്നാകരൻ | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 2015-16 സാമ്പത്തിക വർഷത്തിൽ ലഭിച്ച ആകെ നികുതി വരുമാനം എത്രയെന്ന് വെളിപ്പെടുത്താമോ; ടി കാലയളവിലെ നികുതി കുടിശ്ശിക എത്രയുണ്ടാകുമെന്ന് വ്യക്തമാക്കാമോ? | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം കേന്ദ്ര നികുതി വിഹിതം ഉൾപ്പെടെ 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ നികുതി വരുമാനം 51684.07 കോടി രൂപയാണ്.<br><br>ഇതിൽ സംസ്ഥാനത്തെ തനത് നികുതി വരുമാനം 39002.11 കോടി രൂപയും കേന്ദ്ര നികുതി വിഹിതം 12681.96 കോടി രൂപയുമാണ്.<br><br>വാണിജ്യ നികുതി വകുപ്പിൽ 31-03-2016 വരെയുള്ള നികുതി കുടിശ്ശിക 6883.98 കോടി രൂപയാണ്.<br><br>ലാന്റ് റവന്യൂ ഇനങ്ങളിൽ 2015-16 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 123.71 കോടി രൂപയുടെ കുടിശ്ശികയുള്ളതായി കാണുന്നു.<br><br>ആധാരത്തിൽ ശരിയായ മൂല്യം കാണിക്കാത്തതിനാൽ അണ്ടർ വാല്യുവേഷന വിധേയമായ ആധാരങ്ങളിൽനിന്നും 2015-16 സാമ്പത്തിക വർഷം വരെ 29.52 കോടി രൂപ പിരിച്ചെടുക്കാനുണ്ട്.<br><br>31-12-2015-ൽ അവസാനിക്കുന്ന ക്വാർട്ടർ പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ നികുതി കുടിശ്ശിക 1477.63 കോടി രൂപയാണ്.<br><br>എക്സൈസ് വകുപ്പിൽ 2015-16 സാമ്പത്തിക വർഷം നികുതി കുടിശ്ശികയില്ല. |

സെക്ഷൻ ഓഫീസർ.